## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4109 25.6.2018-ൽ മറുപടിയ്ക്ക്

### നാടൻ കോഴിമുട്ടകളുടെ സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന നാടൻ കോഴിമുട്ടകളുടെ സംഭരണത്തിനും വിതരണത്തിനുമായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്ത് വയനാട് ജില്ലയിലാണ് നാടൻ കോഴിമുട്ടകളുടെ സംഭരണം നിലവിൽ നടപ്പിലാക്കുന്നത്. വയനാട് ജില്ലയിൽ മോഡൽ പഞ്ചായത്ത് 2016-17 പദ്ധതി പ്രകാരം പുതാടി പഞ്ചായത്തിൽ എഗ്ഗ് കെസ് എന്ന സഹകരണ സംഘം കുടുംബശ്രീയുടെ സഹായത്തോടെ തുടങ്ങുകയും അതുവഴി നിലവിൽ ഏകദേശം 2000 നാടൻ കോഴിമുട്ടകൾ പ്രതിമാസം സംഭരിക്കുകയും എറണാകുളം ജില്ലയിലെ ഓർഗാനിക്ക് കടകളിൽ വിപണനം ചെയ്യുന്നുമുണ്ട്.<br>കഴിഞ്ഞ വർഷം വരെ പുതാടി പഞ്ചായത്തിലെ സ്കൂൾ പോഷകാഹാര പദ്ധതിയിലേയ്ക്ക് മുട്ടകൾ നൽകിയിരുന്നു. കൂടാതെ പടിഞ്ഞാറത്തറ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടുകൂടി ബാപ് കോസ് എന്ന കുടുംബശ്രീ സഹകരണ സംഘം മുഖേന നാടൻ കോഴിമുട്ടകൾ സംഭരിക്കുകയും ബാംഗ്ലൂരിലേയ്ക്കു മുട്ടകൾ കയറ്റി അയയ്ക്കുകയും ചെയ്യുന്നുമുണ്ട്.അതോടൊപ്പം ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പ്രദേശത്ത് കുടുംബശ്രീ യൂണിറ്റുകൾ |

| | |
|---|---|
| | വളർത്തിയെടുക്കുന്ന നാടൻ മുട്ടകൾ ഗുണനിലവാരം നോക്കി കെപ്കോ വില കൊടുത്ത് സംഭരിച്ച് വിപണനം ചെയ്തു വരുന്നു. |
| ബി) കാട കൃഷി പ്രോത്സാഹനത്തിനും കാട കർഷകരെ സഹായിക്കുന്നതിനുമായി ഏതെങ്കിലും പദ്ധതികൾ വകുപ്പ് തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ? | ബി) നിലവിൽ വകുപ്പ് തലത്തിൽ കാടകൃഷി പ്രോത്സാഹനത്തിനും, കാടകർഷകരെ സഹായിക്കുന്നതിനുമുള്ള പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല. എന്നാൽ ക്രിസ്മസ് , റംസാൻ, ഓണം തുടങ്ങിയ വിശേഷ സന്ദർഭങ്ങളിൽ കർഷകരിൽ നിന്നും കാടകളെ വാങ്ങി പ്രോസസ് ചെയ്ത് കെപ്കോ വിപണനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ